പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. T379 27.06.2012 ൽ മറുപടിക്ക്

# പുകയില ഉല്പന്നങ്ങൾക്ക് നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>,, പി. കെ. ബഷീർ<br>,, കെ. എൻ. എ. ഖാദർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പിൻവലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. എന്നാൽ പിൻവലിച്ച നടപടി ക്യാബിനറ്റ് തീരുമാന പ്രകാരം റദ്ദാക്കുകയും ഇപ്പോൾ പ്രസ്തുത സർക്കുലർ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) മയക്കുമരുന്ന് ചേർത്ത ഭക്ഷ്യ വിഭവങ്ങളും, പുകയില ഉല്പന്നങ്ങളും സ്കൂൾ പരിസരങ്ങളിലും, പൊതു മാർക്കറ്റിലും സുലഭമാണെന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ആയത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഭക്ഷ്യ വിഭവങ്ങളിൽ മയക്കുമരുന്ന് ചേർത്തതായ പരിശോധനാ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പുകയില ഉൽപ്പന്നങ്ങൾ സ്കൂൾ പരിസരത്തും പൊതു മാർക്കറ്റിലും സുലഭമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.201 ലെ ഉത്തരവ് നം.എ/1327/2012/സി.എഫ്.എസ് പ്രകാരം സംസ്ഥാന മൊട്ടാകെ പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയിട്ടുള്ള പാൻമസാലകൾ, ഗുഡ്ക എന്നിവ ഏതു പേരിലറിയപ്പെട്ടാലും അവയുടെ സംഭരണം വിതരണം, വിപണനം എന്നിവ |

| | | | |
|---|---|---|---|
| | | | നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സംസ്ഥാനം മുഴുവനും ടി ഉത്തരവ് പാലിക്കുന്നതിനുവേണ്ട കർശന നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനം മുഴുവനും ഇത്തരം ഉല്പന്നങ്ങൾ സംഭരിക്കുവാനോ വില്പന നടത്തുവാനോ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും വ്യാപക പരിശോധനയും നടത്തുന്നുണ്ട്. |
| (സി) | നിലവിലുണ്ടായിരുന്ന നാമമാത്ര നിരോധനം പോലും എടുത്തു കളഞ്ഞതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (സി) | സർക്കുലർ പിൻവലിച്ച ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി പരിശോധിച്ച് ഉദ്യോഗസ്ഥന്മാരുടെ പക്കൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചു വരുന്നു. |
| (ഡി) | ഭാവിതലമുറയെ ഒന്നടങ്കം രോഗികളാക്കാൻ കാരണമാവുമെന്ന് ആരോപിക്കപ്പെടുന്ന, മയക്കുമരുന്ന്, പുകയില എന്നിവ ചേർന്ന ഭക്ഷ്യ വസ്തുക്കളും, ലഹരി ഉല്പന്നങ്ങളും പൂർണ്ണമായും നിരോധിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | മയക്കുമരുന്നുകൾ യാതൊരു കാരണവശാലും വിൽപ്പന നടത്താൻ അനുവാദമുള്ള വസ്തുക്കളല്ല. അതിനാൽ അവ പ്രത്യേകം നിരോധിക്കേണ്ട ആവശ്യമില്ല.<br>പുകയില , നിക്കോട്ടിൻ എന്നിവയടങ്ങിയ പാൻ പരാഗ്, ഗുഡ്ക എന്നീ ഉല്പന്നങ്ങൾ അവ ഏത് പേരിലറിയപ്പെട്ടാലും സംസ്ഥാനത്ത് അവയുടെ സംഭരണം , വിതരണം, വില്പന എന്നിവ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 22.05.2012 ലെ എ-1237/സി.എഫ്.സ്. എന്ന ഉത്തരവ് പ്രകാരം നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ